നിയമവേദി



അഡ്വ: നസീമ പി.കെ

# സ്ത്രീ -ജീവിതം, നിലവാരം

**സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകളുടെ വിശിഷ്യാ മുസ്‌ലിം സ്ത്രീകളുടെ നിലവാരം സച്ചാർ സമിതി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഒരവലോകനം.**

സ്ത്രീകളുടെ പദവിയും അവസ്ഥയുമാണ് ഒരു സമൂഹത്തിന്റെ വികസനത്തിന്റേയും വളർച്ചയുടേയും മുഖ്യസൂചിക. അപ്പോൾ ഇന്നു നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്ന സ്ത്രീ പീഡനവാർത്തകളും സ്ത്രീഹത്യകളും എന്തിന്റെ സൂചികയാണ്? സാമൂഹ്യപദവി ആവശ്യപ്പെടാൻ മാത്രം വളരണമെങ്കിൽ, ജനിച്ചിരിക്കണമെന്ന മിനിമം ആവശ്യം പോലും ഇന്ന് അംഗീകരിക്കപ്പെടുന്നുണ്ടോ? ദിനംപ്രതി 1500 ഓളം പെൺഭ്രൂണഹത്യകൾ അരങ്ങേറുന്ന സാക്ഷരകേരളത്തിന്റെ അക്ഷരവിജ്ഞാനം പുസ്തകങ്ങളിൽ മാത്രം ഉറങ്ങിക്കിടക്കുകയാണ്. അത് വ്യക്തികളുടെ മനസ്സുകളിലേക്ക് പ്രസരിക്കുന്നതിൽ മിക്കപ്പോഴും പരാജയപ്പെടുന്നു.

സമ്പത്തുൽപാദനവും സമ്പാദനവും മാനേജ്മെന്റും പുരുഷധർമവും സന്തതിയുൽപാദനവും പരിപാലനവും മാത്രം സ്ത്രീധർമവും എന്ന കാഴ്ചപ്പാട് ഈ യുഗത്തിലും ശക്തമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രതിഫലനമെന്ന നിലക്ക് ഉണ്ടാവുന്ന വിവേചനം, ചൂഷണം, അടിച്ചമർത്തൽ തുടങ്ങിയ നിഷേധസമീപനങ്ങൾക്ക് സ്ത്രീകൾ പാത്രീഭവിക്കുന്നു. സാമ്പത്തിക മേഖലയിലെ അധികോത്തരവാദിത്വം അവളുടെ തലയിലെ ഭാരം കൂട്ടിയിരിക്കുന്നു. അതോടൊപ്പം സ്വബാദ്ധ്യതകളെ താങ്ങാൻ കാലുറപ്പിനുള്ള നയരൂപീകരണം സമൂഹം നിഷേധിക്കുകയും കൂടിയായപ്പോൾ അവളുടെ നടുവൊടിയുകയാണ്. രാത്രികാല ജോലികൾ, കാൾസെന്ററുകളിലെ സുരക്ഷിതത്വം പോലുമില്ലാത്ത ജോലികളാവുമ്പോൾ പ്രത്യേകിച്ചും!

ദേശീയ-സംസ്ഥാനതല സാമ്പത്തിക പരിഷ്കാരങ്ങൾ, വികലമായ വികസന നയങ്ങൾ എന്നിവയുടെ പ്രത്യാഘാതങ്ങളും, പരിപാടികളുടെ ആസൂത്രണതലം തൊട്ടുള്ള തൊട്ടുകൂടായ്മാനയവും, ഇവയുടെയൊക്കെ നിസംഗനിരീക്ഷകരും സ്വീകർത്താക്കളുമായാൽ മതി പെണ്ണുങ്ങളെന്ന വികലമായ കാഴ്ചപ്പാടും സ്ഥിതിയെ കൂടുതൽ ദുസ്സഹമാക്കുന്നു.

പഞ്ചായത്തീരാജ് നിയമത്തിലൂടെ വന്ന കുടുംബശ്രീ പദ്ധതികളും മറ്റ് വികേന്ദ്രീകൃതാസൂത്രണ പദ്ധതികളും സ്ത്രീ ശാക്തീകരണം പ്രത്യേക ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മറ്റ് സംഘടനകളുടേയും പ്രവർത്തനങ്ങൾ വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്. സ്ത്രീ പദവി മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക രംഗങ്ങളിൽ സംഘടിതശ്രമത്തിലൂടെ വനിതാശാക്തീകരണം ഒട്ടൊക്കെ നടപ്പിലാവുന്നതിനും നാം സാക്ഷികളാണ്. സമൂഹത്തിന്റെ വലിയൊരു പങ്കിനെ പ്രതിനിധീകരിക്കുന്ന സ്ത്രീസമൂഹത്തെ ഒഴിച്ചുനിർത്തരുതെന്ന് മനസ്സിലാക്കിയതിന്റെ തെളിവാണല്ലോ ഒമ്പതാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള പദ്ധതിവിഹിതത്തിൽ 10% ഫണ്ട് സ്ത്രീകൾക്ക് വേണ്ടി കണ്ടത്.

എന്നാൽ സാമൂഹിക രംഗത്ത് ഇന്നും വിവേചനങ്ങളും വിലാപങ്ങളും സ്ത്രീക്കായി സമൂഹം കരുതിവെച്ചിട്ടുണ്ട്. അങ്ങ് കണ്ണൂര് നാടോടി കുടുംബത്തിലെ പെൺകുട്ടിയെ കാമദാനം തീർക്കാൻ കിട്ടാത്തതിനാൽ രാത്രിയുടെ മറപറ്റി അവരുടെ തുണിക്കൂടാരത്തിനുള്ളിലെ നാലുമാസം പ്രായമായ പെൺകുഞ്ഞിനെ ചവിട്ടിക്കൊന്നതു മുതൽ 90 വയസ്സുകാരി വൃദ്ധയും രണ്ടു വയസ്സുകാരിയും ഒരുപോലെ മാനഭംഗം ചെയ്യപ്പെടുന്നതുവരെ 'വളർന്നു' നിൽക്കുന്നു നാം. കിളിരൂർ, സൂര്യനെല്ലി, വിതുര തുടങ്ങി എണ്ണിയാൽ തീരാത്ത കറുത്തപാടുകൾ കേരളഭൂപടത്തിൽ തന്നെ പഴംകഥകളായി പറ്റിച്ചേർന്ന കാലം. സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ എണ്ണം പരിശോധിക്കുമ്പോൾ ലജ്ജിക്കുന്ന സ്ത്രീസമത്വവാദികളും, ഇതെല്ലാം സാമൂഹ്യവ്യവസ്ഥിതിയുടെ പ്രത്യേകതയാണെന്ന് വ്യാഖ്യാനിച്ച് സമാധാനമടയുന്നവരും ഒരുപോലെ ഇതിനുത്തരം തേടേണ്ടതുണ്ട്.

സാമൂഹിക നീതിയുടെ ആധുനികയുഗത്തിന് സ്വജീവൻ കൊണ്ട് സാക്ഷ്യം വഹിച്ച അനേകായിരം സ്ത്രീജന്മങ്ങൾ ഉയർത്തുന്ന ഈ ചോദ്യം സാമൂഹികസമത്വത്തിന്റേതല്ല. മറിച്ച് സാമൂഹിക നിലനിൽപിന്റേതാണ്. നിയമം കൊണ്ട് നിരോധിച്ച സ്ത്രീധനത്തിന്റെ പേരിൽ ഇന്നും മരണം ഏറ്റുവാങ്ങുന്നവരോ വിവാഹജീവിതം മരീചികയായി മാത്രം കാണുന്നവരോ ആയ പെൺകൊടികൾ, കാലം പോകെ പെൺമക്കൾ ഭാരമായിത്തോന്നുന്ന മാതാപിതാക്കൾ, ഇവരൊക്കെ സമൂഹത്തിന്റെ നിലപാടിലൊരു മാറ്റം വരുത്തുന്നതുവരേക്കും വിറങ്ങലിച്ചു നിൽക്കുക തന്നെയാണ്.

സമൂഹ പുനർനിർമിതിയിൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്ന ഉന്നത സ്ഥാനീയരായ നിരവധി സ്ത്രീജനങ്ങളെ നമുക്കുയർത്തി പിടിക്കാമെങ്കിലും ഉന്നത സ്ഥാനങ്ങളിൽ എത്തുന്ന സ്ത്രീസംഖ്യ താരതമ്യേന കുറവാണ്. അധ്യാപനം, സെക്രട്ടറി, നഴ്സിങ്ങ് എന്നീ മേഖലകളിൽ സ്ത്രീ പ്രതിനിധ്യമേറുന്നുവെങ്കിലും, ജീവിക്കാൻ സ്വശരീരം വിൽക്കുന്നവരും എന്നും ഇവിടെത്തന്നെയുണ്ട്. സ്വന്തം നിലനിൽപിനായി പുണ്യങ്ങളുടെ പൂക്കാലമാണ് ബലിയർപ്പിക്കപ്പെ

**സ്ത്രീ മുന്നേറ്റം മൂലം ഒരു കുടുംബവും കുടുംബങ്ങൾ മൂലം ഒരു സമൂഹവും സാമൂഹിക വളർച്ചയിൽ നിന്നും ദേശത്തിന്റെ ഉന്നമനവും ഉണ്ടാകണമെങ്കിൽ വ്യക്തമായ ആശയധാരയിൽ സ്വത്വം മനസ്സിലാക്കിയ, തന്റെ ദൗത്യം തിരിച്ചറിയുന്ന പെൺപട ഉണ്ടാകേണ്ടതുണ്ട്. അനീതികളോടും അസമത്വങ്ങളോടും പടവെട്ടാൻ ആശയദാർഢ്യവും വിശ്വാസകവചവുമുള്ള പെൺമണികൾ.**

**സ്വാതന്ത്ര്യത്തിനുശേഷം നടത്തിയ അവസരവിപുലീകരണംകൊണ്ട് മുസ്‌ലിംകളുടെ വിശിഷ്യാ സ്ത്രീകളുടെ സ്ഥിതി ഒരുപോലെയാക്കാൻ കഴിഞ്ഞിട്ടില്ല. 30 ശതമാനം പോയന്റുകളുടെ വരെ വ്യത്യാസം നിഴലിച്ചുനിൽക്കുന്നു. മെട്രിക്കുലേഷൻ പാസായവരുടെ കണക്കുകളിൽ മുസ്‌ലിം സ്ത്രീ ആനുപാതം വളരെക്കുറവ്, നിലവാരമുള്ള റസിഡൻഷ്യൽ രീതിയിൽ തുടങ്ങിയ ജവഹർ നവോദയ വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്നവരിൽ മുസ്‌ലിം കുട്ടികളുടെ എണ്ണം വളരെ കുറവാണെന്നും പെൺകുട്ടികളെ കാണുന്നേയില്ലെന്നും പറയുന്നു.**



ടുന്നത് എന്ന സത്യം, സമൂഹത്തിന്റെ സ്ഥായിയായതും ആരോഗ്യപരമായതുമായ വളർച്ച കൊതിക്കുന്ന ആർക്കും സന്തോഷകരമല്ല. സാമ്പത്തിക ഉത്തരവാദിത്ത മേഖലയിൽ വളർച്ചയുണ്ടായതോടൊപ്പം ജോലി സ്ഥലത്തുപോലും പീഡനങ്ങളും തകരുന്ന കുടുംബപശ്ചാത്തലങ്ങളും വരാനിരിക്കുന്ന നാളെയെ കുറിച്ചുള്ള ഭീതിദമായ ചിത്രമാണ് വരക്കുന്നത്.

മുസ്‌ലിം സ്ത്രീകളിൽ ഒരു വിശകലനം നടത്തുകയാണെങ്കിൽ ആദ്യം പറഞ്ഞ വിഷയത്തിൽ ആശ്വാസകരമായ വസ്തുതയാണ് കണ്ടെത്താൻ കഴിയുക. പെൺകുട്ടികൾ ഗർഭാശയങ്ങൾക്കുള്ളിൽ അവസാനിക്കുമ്പോൾ മറ്റേതു സാമൂഹികവിഭാഗത്തേക്കാളും ആൺപെൺ അനുപാതം മുസ്‌ലിംകൾക്കിടയിലാണെന്നും അത് 1000 ആൺകുട്ടികൾക്ക് 986 എന്നാണെന്നും 2005 മാർച്ച് 9 ന് ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട സച്ചാർ സമിതി റിപ്പോർട്ടിൽ പറയുന്നു. മറ്റു മതവിഭാഗങ്ങളിൽ ഹിന്ദു-914, പട്ടികജാതി-പട്ടികവർഗം-931, മറ്റുവിഭാഗങ്ങൾ-859 എന്നിങ്ങനെ. 1400 വർഷങ്ങൾക്കുമുമ്പ് കാട്ടറബികൾ കുഴിച്ചുമൂടിയ പെൺകുട്ടികളെയോർത്ത് വേദനിച്ച് പെൺകുട്ടികളെ കൊല്ലരുതെന്നും അവരെ വിദ്യാഭ്യാസം നൽകി ഔന്നത്യമുള്ളവരാക്കുക എന്നും ഉപദേശിച്ച പ്രവാചകന്റെ നിർദേശത്തിലെ ആദ്യഭാഗം സമുദായം പാലിക്കുന്നുണ്ടെന്നു വേണം കരുതാൻ. എന്നാൽ മറുഭാഗം, സ്ത്രീവിദ്യാഭ്യാസ നിലവാരവും സാമൂഹികോന്നമനവും ഇപ്പോഴും പിന്നിൽതന്നെ.

വിദ്യാഭ്യാസരംഗത്ത് 75.3% പുരുഷ സാക്ഷരതയും 53.7% സ്ത്രീസാക്ഷരതയും ഇന്ത്യൻ ശരാശരിയാണെന്നിരിക്കെ, സ്ത്രീപുരുഷന്മാർ തമ്മിലുള്ള 20 ശതമാനത്തോളം വരുന്ന വ്യത്യാസം സ്ഥിരപ്രതിഭാസം തന്നെ. അതായത് പഠിക്കാനിത്തിരി പിന്നിൽ തന്നെയാണ് നമ്മൾ സ്ത്രീകൾ എന്നുസാരം. അതിൽതന്നെ മുസ്‌ലിം സ്ത്രീകളുടെ പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ കൂടുതൽ സാക്ഷരതാ അപര്യാപ്തതയുണ്ടെന്നും പറയുന്നു. അത്ഭുതകരമെന്നു തോന്നാം ഗ്രാമീണ ഇന്ത്യയിലെ മുസ്‌ലിം സ്ത്രീകൾ 50% സാക്ഷരതാ നിലവാരവുമായി മുന്നിട്ടുനിൽക്കുന്നു. ഖേദകരമെന്നു പറയട്ടെ കണക്കുകൾ സൂചിപ്പിക്കുന്നത് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന വെല്ലുവിളിയോട് പ്രതികരിക്കാൻ മുസ്‌ലിംകൾക്കായിട്ടില്ല. ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷൻ നടത്തിയ കണക്കെടുപ്പിലും എൻ.സി.എ.ഇ.ആർന്റെ ഇന്ത്യ-മനുഷ്യവികസന സർവേയനുസരിച്ചും ഹാജർനില പരിശോധിക്കുമ്പോൾ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കാണ് പ്രധാനകാരണം.

സ്വാതന്ത്ര്യത്തിനുശേഷം നടത്തിയ അവസരവിപുലീകരണം കൊണ്ട് മുസ്‌ലിംകളുടെ വിശിഷ്യാ സ്ത്രീകളുടെ സ്ഥിതി ഒരുപോലെയാക്കാൻ കഴിഞ്ഞിട്ടില്ല. 30 ശതമാനം പോയന്റുകളുടെ വരെ വ്യത്യാസം നിഴലിച്ചുനിൽക്കുന്നു. മെട്രിക്കുലേഷൻ പാസായവരുടെ കണക്കുകളിൽ മുസ്‌ലിം സ്ത്രീ ആനുപാതം വളരെക്കുറവ്, നിലവാരമുള്ള റസിഡൻഷ്യൽ രീതിയിൽ തുടങ്ങിയ ജവഹർ നവോദയ വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്നവരിൽ മുസ്‌ലിം കുട്ടികളുടെ എണ്ണം വളരെ കുറവാണെന്നും പെൺകുട്ടികളെ കാണുന്നേയില്ലെന്നും പറയുന്നു. മുസ്‌ലിം ജനസംഖ്യ കൂടുതലുള്ള ലക്നൗ, ഹൈദരാബാദ് പോലുള്ള സ്ഥലങ്ങളിൽപോലും ഇങ്ങനെയാണെന്നത് വിദ്യാഭ്യാസനിലവാരത്തിൽ അവരെവിടെ നിൽക്കുന്നുവെന്ന് കാണിക്കുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തും ഐ.ഐ.എം, ഐ.ഐ.റ്റി, പി.ജി കോഴ്സുകളിലും സ്ഥിതി ദയനീയമാണെന്നും 20 കുട്ടികളിൽ ഒരുകുട്ടിയെന്ന കണക്കിലാണെന്നും സൂചിപ്പിക്കപ്പെടുന്നു.

തൊഴിൽ മേഖലയിലും 70% വനിതകൾ തൊഴിലെടുക്കുമ്പോൾ മുസ്‌ലിം വനിതകൾ അത് 29% മാത്രമാണ്. വീടിനകത്തു നിന്ന് ഏറ്റെടുക്കാവുന്ന തൊഴിൽസാധ്യതകൾ കുറവായതുകൊണ്ടാണിങ്ങനെ എന്ന് റിപ്പോർട്ട്. എങ്കിലും തനിക്ക് സാധ്യമായതും സമൂഹത്തിന് ഗുണകരവുമായ ഏത് തൊഴിലും ചെയ്യുന്നതിന് മുസ്‌ലിം സ്ത്രീക്ക് മതം സ്വാതന്ത്ര്യം നൽകുന്നുവെന്നതും, അവളെ നാലുചുവരുകൾക്കിടയിൽ തളച്ചിടാതെ സമൂഹനിർമ്മാണത്തിലെ നല്ല കൂട്ടുകാരിയായാണ് ഇസ്‌ലാം കാണുന്നതും എന്നതാണ് വാസ്തവം.

മാത്രമല്ല, സ്വത്തവകാശം ലോകചരിത്രത്തിലാദ്യമായി നൽകിക്കൊണ്ടും അവൾക്കൊട്ടും യോജിക്കാത്ത ഭർതൃബന്ധം പോലും ഖുൽഅ്, ഫസ്ഖ് എന്നീ അവകാശങ്ങളിലൂടെ ഒഴിവാക്കി സാമൂഹിക സമത്വം നൽകുന്ന മതമൊരിക്കലും അവൾക്കനുയോജ്യമായ തൊഴിലവസരങ്ങളോട് പുറം തിരിഞ്ഞ് നിൽക്കുമെന്ന് കരുതാൻ വയ്യ. പുറം തിരിഞ്ഞ് നിൽക്കുന്നത് നമ്മളാണെന്ന് മാത്രം. ജസ്റ്റിസ്: രജീന്ദ്രർ സച്ചാറിന്റെ കഠിനശ്രമഫലമായി കണ്ടെടുത്ത സത്യങ്ങളുടെ മുനയൊടിക്കാൻ ശ്രമിക്കുന്നവരും വെറും കടലാസിൽപൊതിഞ്ഞ നടപടികളിലൊതുക്കുന്നതും നമ്മൾതന്നെ...

ചുരുക്കത്തിൽ സ്ത്രീ മുന്നേറ്റം മൂലം ഒരു കുടുംബവും കുടുംബങ്ങൾ മൂലം ഒരു സമൂഹവും സാമൂഹിക വളർച്ചയിൽ നിന്നും ദേശത്തിന്റെ ഉന്നമനവും ഉണ്ടാകണമെങ്കിൽ വ്യക്തമായ ആശയധാരയിൽ സ്വത്വം മനസ്സിലാക്കിയ, തന്റെ ദൗത്യം തിരിച്ചറിയുന്ന പെൺപട ഉണ്ടാകേണ്ടതുണ്ട്. അനീതികളോടും അസമത്വങ്ങളോടും പടവെട്ടാൻ ആശയദാർഢ്യവും വിശ്വാസകവചവുമുള്ള പെൺമണികൾ. നെറികേടുകൾക്കെതിരെയുള്ള പടയോട്ടത്തിൽ അവരിലെ സംഘശക്തിക്ക് ബലം പകരാൻ മൂല്യങ്ങളിൽ വിശ്വസിക്കുന്ന സംഘടനകളും സംവിധാനങ്ങളും കൂടെയുണ്ടാകും. വിപ്ലവാത്മകമായ സാമൂഹ്യമാറ്റത്തിന്റെ പടഹധ്വനിയുണരാൻ ഇനിയെന്തു വേണം?